# കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്

മുപ്പത്തടം പി.ഒ, ആലുവ, പിൻ-683110, എറണാകുളം ജില്ല
**E-mail : kadungalloorpanchayat@gmail.com**

ഫയൽ നമ്പർ:ഇകെഎം/0770265/23 — 05/01/2023

പ്രേഷകൻ,

സെക്രട്ടറി,
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്.

സ്വീകർത്താവ്,

ബഹു.ജോയിന്റ് ഡയറക്ടർ,
എറണാകുളം .

സർ,

വിഷയം : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്- കെട്ടിടത്തിന് നമ്പർ അനുവദിച്ചില്ല എന്ന പരാതി സംബന്ധിച്ച്.

സൂചന : (1) നവകേരള സദസ്സ്-2023 മുഖേന ലഭിച്ച ശ്രീ. എ എൻ മുരളീധരൻ, ആലാട്ട് വീട്,മുപ്പത്തടം പിഒ എന്നയാളുടെ ഇകെഎം/0770265/23 നം. പരാതി.

മേൽ സൂചന അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന അപേക്ഷകന്റെ ഉടമസ്ഥതയിൽ കടുങ്ങല്ലൂർ പഞ്ചായത്തിൽ നിന്നും 16/595 മുതൽ 602 വരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടത്തിന്റെ മുകൾ നിലയ്ക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്ന പരാതിയിൻമേൽ സ്ഥലപരിശോധന നടത്തി എൻജിനിയറിംഗ് സെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് . ടി. റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ ഇടതു വശത്തിന്റെ അതിരിനോട് ചേർത്ത് കെട്ടിടം നിർമിച്ചിരിക്കുന്നു എന്നും കെ പി ബി ആർ റൂൾ 26 പ്രകാരം എ1, എ2 ,എഫ് ഗണത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് (തറനിരപ്പിൽ നിന്നും7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക്)തൊട്ടടുത്ത ഭൂമിയുടെ ഉടമയുടെ സമ്മതത്തോടെ ഏതെങ്കിലും ഒരു വശം ചേർന്ന കെട്ടിടം നിർമ്മിക്കാവുന്നതാണ് എങ്കിലും ടി. കെട്ടിടത്തിന്റെ ഉയരം 10 മീറ്റർ കൂടുതൽ ഉള്ളതിനാൽ ടി. നിർമ്മാണം കെ പി ബി ആർ റൂൾ 26 ന് വിധേയമല്ല എന്നും കെ പി ബി ആർ 2019 റൂൾ 23 പ്രകാരം 6 മീറ്ററിൽ താഴെ വീതിയുള്ളതും വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ റോഡിൽ നിന്നും 2 മീറ്റർ അകലം ലഭ്യമാകേണ്ടതാണ് എന്നും ടി കെട്ടിടത്തിന്റെ റിയർ സൈഡിനോട് ചേർന്നുള്ള പഞ്ചായത്ത് റോഡിൽ നിന്നും 2 മീറ്റർ സെറ്റ് ബാക്ക് ലഭ്യമാകേണ്ട സ്ഥലത്ത് .45 മീറ്റർ മാത്രമാണ് ലഭിക്കുന്നതെന്നും ടി.

കെട്ടിടത്തിന്റെ വലതു വശത്ത് തറനിരപ്പിൽ മുൻവശത്തായി കടയുടെ മുൻപിലേക്കായി 3.30 മീ. * .45 മീ. ഏരിയ അധികമായി ഷീറ്റ് മേഞ്ഞിട്ടുള്ളതും ഗ്രിൽ വച്ച് മറച്ച് ഉപയോഗിക്കുന്നതായും കാണുന്നു എന്നും മുൻ വശത്ത് ബാക്കി ഭാഗങ്ങളിലും ഷീറ്റ് മേഞ്ഞിട്ടുള്ളതാണ്എന്നും ആയത് കെ പി ബി ആർ 2019 റൂൾ 23 നും റൂൾ 26 നും റൂൾ 4 നും വിരുദ്ധമാണ് എന്നും ആയത് ക്രമവൽക്കരിക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യാൻ പരാതിക്കാരനെ അറിയിക്കാവുന്നതാണ് എന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കൂടാതെ, ഉടമ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്ലോട്ട് അതിരുകൾ വ്യക്തമില്ലാത്തതാണ് ആയതിനാൽ മറ്റു വയലേഷനോ പ്രശ്നങ്ങളോ പരിശോധിക്കാൻ സാധിക്കുന്നില്ല എന്നും ടി കെട്ടിടത്തിന്റെ ന്യൂനതകൾ പൂർണ്ണമായി പരിശോധിക്കുന്നതിനായി കെട്ടിട ഉടമയോട് കെ പി ബി ആർ ന് അനുസൃതമായി അപേക്ഷസമർപ്പിക്കാൻ അറിയിക്കാവുന്നതാണ് എന്നും റിപ്പോർട്ട് നൽകിയിരിക്കുന്നതിനാലും ടിയാളുടെ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ കാലഹരണപ്പെട്ടതായതിനാൽ അപേക്ഷയുടെ ഹാർഡ് കോപ്പിയോ സോഫ്റ്റ് കോപ്പിയോ ഈ ഓഫീസിൽ ലഭ്യമാത്തതിനാലും ടി. നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതം ആക്കി ടി. കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനായി അംഗീകൃത ലൈസൻസി മുഖേന ബന്ധപ്പെട്ട രേഖകൾ സഹിതം ക്രമവത്കരണ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മുറയ്ക്ക് ടിയാൾ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ക്രമവത്കരണം അനുവദിക്കുന്നതാണ് എന്നും അപേക്ഷകനെ അറിയിച്ചിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

SECRETARY
Kadungalloor Grama Panchayat

ഉള്ളടക്കം-സാങ്കേതിക വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട്.

# കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്

മുപ്പത്തടം പി.ഒ, ആലുവ, പിൻ-683110, എറണാകുളം ജില്ല

**E-mail : kadungalloorpanchayat@gmail.com**


ഫയൽ നമ്പർ:ഇകെഎം/0770265/23 27/12/2023

പ്രേഷകൻ,

സെക്രട്ടറി,
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്.

സ്വീകർത്താവ്,

ശ്രീ. എ എൻ മുരളീധരൻ,
ആലാട്ട് വീട്,
മുപ്പത്തടം പിഒ.

സർ,

വിഷയം : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്- കെട്ടിടത്തിന് നമ്പർ അനുവദിച്ചില്ല എന്ന പരാതി സംബന്ധിച്ച്.

സൂചന : (1) നവകേരള സദസ്സ് മുഖേന ലഭിച്ച താങ്കളുടെ ഇകെഎം/0770265/23 നം. പരാതി.
(2) സാങ്കേതിക വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട്.

മേൽ സൂചന (1) അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന താങ്കളുടെ ഉടമസ്ഥതയിൽ കടുങ്ങല്ലൂർ പഞ്ചായത്തിൽ നിന്നും 16/595 മുതൽ 602 വരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടത്തിന്റെ മുകൾ നിലയ്ക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്ന പരാതിയിൻമേൽ സ്ഥലപരിശോധന നടത്തി എൻജിനിയറിംഗ് സെക്ഷൻ മേൽ സൂചന (2) റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് . ടി. റിപ്പോർട്ട് പ്രകാരം താങ്കൾ പ്രസ്തുത കെട്ടിടത്തിന്റെ ഇടതു വശത്തിന്റെ അതിരിനോട് ചേർത്ത് കെട്ടിടം നിർമിച്ചിരിക്കുന്നു എന്നും, കെ പി ബി ആർ റൂൾ 26 പ്രകാരം എ1, എ2 ,എഫ് ഗണത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് (തറനിരപ്പിൽ നിന്നും7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക്)തൊട്ടടുത്ത ഭൂമിയുടെ ഉടമയുടെ സമ്മതത്തോടെ ഏതെങ്കിലും ഒരു വശം ചേർന്ന് കെട്ടിടം നിർമ്മിക്കാവുന്നതാണ് എങ്കിലും ടി. കെട്ടിടത്തിന്റെ ഉയരം 10 മീറ്റർ കൂടുതൽ ഉള്ളതിനാൽ ടി. നിർമ്മാണം കെ പി ബി ആർ റൂൾ 26 ന് വിധേയമല്ല എന്നും, കെ പി ബി ആർ 2019 റൂൾ 23 പ്രകാരം 6 മീറ്ററിൽ താഴെ വീതിയുള്ളതും വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ റോഡിൽ നിന്നും 2 മീറ്റർ അകലം ലഭ്യമാകേണ്ടതാണ്

എന്നും ,ടി. കെട്ടിടത്തിന്റെ റിയർ സൈഡിനോട് ചേർന്നുള്ള പഞ്ചായത്ത് റോഡിൽ നിന്നും 2 മീറ്റർ സെറ്റ് ബാക്ക് ലഭ്യമാകേണ്ട സ്ഥലത്ത് .45 മീറ്റർ മാത്രമാണ് ലഭിക്കുന്നതെന്നും, ടി. കെട്ടിടത്തിന്റെ വലതു വശത്ത് തറനിരപ്പിൽ മുൻവശത്തായി കടയുടെ മുൻപിലേക്കായി 3.30 മീ. * .45 മീ. ഏരിയ അധികമായി ഷീറ്റ് മേഞ്ഞിട്ടുള്ളതും ഗ്രിൽ വച്ച് മറച്ച് ഉപയോഗിക്കുന്നതായും കാണുന്നു എന്നും, മുൻ വശത്ത് ബാക്കി ഭാഗങ്ങളിലും ഷീറ്റ് മേഞ്ഞിട്ടുള്ളതാണ്എന്നും ആയത് കെ പി ബി ആർ 2019 റൂൾ 23 നും റൂൾ 26 നും റൂൾ 4 നും വിരുദ്ധമാണ് എന്നും , ആയത് ക്രമവൽക്കരിക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യാൻ പരാതിക്കാരനെ അറിയിക്കാവുന്നതാണ് എന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കൂടാതെ, താങ്കൾ സൂചന (1) അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്ലോട്ട് അതിരുകൾ വ്യക്തമില്ലാത്തതാണ് ആയതിനാൽ മറ്റു വയലേഷനോ മറ്റ് പ്രശ്നങ്ങളോ പരിശോധിക്കാൻ സാധിക്കുന്നില്ല എന്നും, ടി. കെട്ടിടത്തിന്റെ ന്യൂനതകൾ പൂർണ്ണമായി പരിശോധിക്കുന്നതിനായി താങ്കൾക്ക് കെ പി ബി ആർ ന് അനുസൃതമായി അപേക്ഷസമർപ്പിക്കാൻ അറിയിക്കാവുന്നതാണ് എന്നും റിപ്പോർട്ട് നൽകിയിരിക്കുന്നതിനാലും താങ്കളുടെ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ കാലഹരണപ്പെട്ടതായതിനാൽ അപേക്ഷയുടെ ഹാർഡ് കോപ്പിയോ സോഫ്റ്റ് കോപ്പിയോ ഈ ഓഫീസിൽ ലഭ്യമാത്തതിനാലും ടി. നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാക്കി ടി. കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനായി അംഗീകൃത ലൈസൻസി മുഖേന ബന്ധപ്പെട്ട രേഖകൾ സഹിതം ക്രമവത്കരണ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മുറയ്ക്ക് താങ്കൾ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ക്രമവത്കരണം അനുവദിക്കുന്നതാണ് എന്നും ഉള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

SECRETARY
Kadungalloor Grama Panchayat